**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**

**2012 ജൂൺ 20, ബുധൻ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) **സ്ക്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം**

ശ്രീ. ഇ. ചന്ദ്രശേഖരൻ: പിന്നോക്ക മേഖലയിലുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെടാതിരിക്കാനും വിദ്യാഭ്യാസത്തിന്റെ ഗുണനില വാരം ഉയർത്താനും ലക്ഷ്യമിട്ടുകൊണ്ട് തുടങ്ങിയ 'രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ' പദ്ധതി പ്രകാരം ഹൈസ്ക്കൂളുകളുടെ ദയനീയാവസ്ഥ പരിഹരിക്കാൻ സാധിക്കാത്തതിനാൽ മുഖ്യമന്ത്രി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തണം. ഉന്നത വിദ്യാഭ്യാസം ലക്ഷ്യമിട്ട് തുടങ്ങിയ ആർ.എം.എസ്.എ. സ്കൂളുകൾക്ക് ഇപ്പോഴും പഴയ യു.പി. സ്ക്കൂളിന്റെ ഇടുങ്ങിയ മുറികളിൽ മാത്രം ഒതുങ്ങി പഠനം നടത്തേണ്ട അവസ്ഥയാണുള്ളത്. കേരള ത്തിൽ 2009-10 അദ്ധ്യയന വർഷത്തിൽ 60 സ്കൂളുകളാണ് കാസർകോഡ്,

വയനാട്, പാലക്കാട്, ഇടുക്കി ജില്ലകളിലായി ആരംഭിച്ചിട്ടുള്ളത്. തുടർന്നുള്ള രണ്ട് വർഷങ്ങളിൽ 48 സ്കൂളുകൾ അനുവദിച്ചുവെങ്കിലും ആദ്യം ആരംഭിച്ച സ്ക്കൂളുകൾക്കാവശ്യമായ പ്രാഥമിക ഭൗതിക സൗകര്യ ങ്ങൾപോലും ഒരുക്കാൻ ഇതുവരെ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. കേന്ദ്ര ഗവൺമെന്റ് ഒരു സ്കൂളിന് 58.12 ലക്ഷം രൂപ അനുവദിച്ചിരുന്നതിൽ 20 ലക്ഷം രൂപ വീതം ഓരോ സ്കൂളിലേയും ഹെഡ്മാസ്റ്ററുടേയും പി.ടി.എ.യുടേയും അക്കൗണ്ടിലേയ്ക്ക് മാറ്റിക്കൊടുത്തെങ്കിലും ആ തുക ഉപയോഗപ്പെടുത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനോ അദ്ധ്യാപകരെ നിയമി ക്കുന്നതിനോ സാധിച്ചിട്ടില്ല. അനുവദിച്ച തുക എങ്ങനെ ചെലവഴി ക്കണമെന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകാനും ഇതു വരെ സാധിച്ചിട്ടില്ല. കേന്ദ്രഗവൺമെന്റ് ആവിഷ്ക്കരിച്ച ഈ പദ്ധതിയുടെ ഗുണഫലം വിദ്യാർത്ഥികൾക്ക് അനുഭവിക്കാൻ കഴിയാത്തതിന്റെ പൂർണ്ണ ഉത്തരവാദിത്വം സംസ്ഥാന ഗവൺമെന്റിനാണ്. കേന്ദ്ര ഗവൺമെന്റ് അനു വദിച്ച പണം വിനിയോഗിക്കാനും സംസ്ഥാന ഗവൺമെന്റ് നൽകേണ്ട വിഹിതം നൽകാനും ആവശ്യമായ അദ്ധ്യാപകരെ നിയമിക്കാനും ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ അബ്ദുറബ്ബ്):</u> ആർ.എം. എസ്.എ.-യുടെ നടപടിക്രമങ്ങളെക്കുറിച്ച് കേന്ദ്രഗവൺമെന്റിൽനിന്നും നിർദ്ദേശങ്ങളൊന്നും ലഭിക്കാത്തതിനാൽ ഈ പദ്ധതിപ്രകാരം അനുവദിച്ച പണം ജില്ലാ പഞ്ചായത്തുകളുടേയും പി.ടി.എ. പ്രസിഡന്റിന്റേയും അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുകയാണുണ്ടായത്. ഈ പദ്ധതിയുടെ കീഴിൽ വരുന്ന സ്കൂളുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്തിരുന്നത് ത്രിതല പഞ്ചായത്തുകളായിരുന്നതിനാൽ ഈ പണം ജില്ലാപഞ്ചായത്തിനെ

ഏൽപ്പിക്കുവാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനപ്രകാരം അടുത്ത കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാവശ്യമായ ക്രമീകരണം ഉണ്ടാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. എസ്.എസ്.എ. ഫണ്ട് മുഖേനയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന ജില്ലാ പഞ്ചായത്തുകളെ ഈ പുതിയ പദ്ധതി ഏൽപ്പിക്കാൻ തീരുമാനിക്കുകയും ബന്ധപ്പെട്ട മന്ത്രിമാരുമായി കൂടിയാലോചിച്ച് അതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതുമാണ്.

(2) <u>പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ</u>

<u>ശ്രീ. പി. ഉബൈദുള്ള :</u> സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന ഗൾഫ് മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. ആഗോള നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിച്ച് വിദേശ മലയാളികളുടെ നിക്ഷേപം ഉത്പാദന മേഖലകളിലേയ്ക്ക് പ്രയോജനപ്പെടുത്തണം. ഗൾഫ് നാടുകളിൽനിന്നും മടങ്ങിയെത്തുന്ന വിദഗ്ദ്ധ തൊഴിലാളികളെ സംസ്ഥാനത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കണം. ചെറുകിട-ഇടത്തരം വരുമാനക്കാരായ പ്രവാസി മലയാളികളുടെ നിക്ഷേപം സ്വീകരിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് കുടുംബശ്രീ മാതൃകയിൽ പ്രത്യേക പദ്ധതിക്ക് രൂപം നൽകണം. അവധിക്കാലത്ത് വിമാനക്കമ്പനികൾ യാത്രാക്കൂലി വർദ്ധിപ്പിക്കുന്നതിനാലും എയർ ഇൻഡ്യാ പൈലറ്റുമാരുടെ സമരത്തെത്തുടർന്ന് ഫ്ളൈറ്റുകൾ ക്യാൻസൽ ചെയ്യുന്നതിനാലും ഗൾഫ് മലയാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടിന് പരിഹാരം കാണണം. വിദേശ രാജ്യങ്ങളിലെ എംബസി ഉദ്യോഗസ്ഥർ ഗൾഫ് മലയാളികളോട് കാണിക്കുന്ന അവഗ

ണന അവസാനിപ്പിക്കാനും വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സ്വദേശത്തേയ്ക്ക് മടക്കിക്കൊണ്ടു വരാനും നടപടി സ്വീകരിക്കണം. വ്യാജ റിക്രൂട്ടിംഗ് എജൻസി കൾക്കെതിരെ കർശന നടപടി സ്വീകരിക്കണം. വിദേശ രാജ്യങ്ങളിൽ മര ണപ്പെടുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള കാലതാമസം ഒഴി വാക്കുന്നതിന് എംബസികളിൽ പ്രത്യേക ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭി ക്കണം. മടക്കയാത്രയ്ക്ക് ടിക്കറ്റെടുക്കാൻ നിവൃത്തിയില്ലാതെ കഴിയുന്ന മലയാളികളെ സൗജന്യമായി നാട്ടിലെത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. വിദേശ രാജ്യങ്ങളിൽ പണിയെടുക്കുന്ന മലയാളികളെ സംബന്ധിച്ച് വ്യക്തമായ കണക്കെടുപ്പ് നടത്തി അവർക്ക് ഐഡന്റിറ്റി കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ഐ.ഡി. കാർഡുമായി സർക്കാർ ഓഫീസുകളിലെത്തുന്നവരോട് നീതിപൂർവ്വമായ നിലപാട് സ്വീക രിക്കാൻ നിർദ്ദേശിക്കുകയും വേണം. വിദേശവാസം മൂലം മാറാരോഗികളാ യിത്തീർന്ന നിർദ്ധനരായ മലയാളികൾക്ക് സൗജന്യ ചികിത്സയും ഇൻഷ്വ റൻസ് പരിരക്ഷയും നൽകണം. പ്രവാസി ക്ഷേമബോർഡിന്റെ പ്രവർത്തനം വിപുലീകരിച്ച് കൂടുതൽ ക്ഷേമ പദ്ധതികൾ നടപ്പാക്കണം.

ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്) : വിദേശ രാജ്യങ്ങളിലും കേരള ത്തിന് പുറത്തും കഴിയുന്ന മലയാളികൾ കേരളത്തിലേയ്ക്ക് അയയ്ക്കുന്ന തുക സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖല മെച്ചപ്പെടാൻ വളരെയേറെ സഹായിക്കുന്നുണ്ട്. 2012-ലെ പ്രവാസി ഭാരതീയ ദിവസ് സമ്മേളനത്തിൽ കേരളത്തിലെ പ്രവാസികളുടെ പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെയും ഗൾഫ് രാജ്യങ്ങളിലെ ഇൻഡ്യൻ എംബസികളുടെയും ശ്രദ്ധയിൽപ്പെടു

ത്താൻ തീരുമാനിച്ചിട്ടുണ്ട്. പ്രവാസികളുടെ നിക്ഷേപത്തിനായി പ്രത്യേക ബാങ്ക് വേണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇടത്തരം വരുമാനക്കാരായ പ്രവാസികളുടെ നിക്ഷേപം സംസ്ഥാനത്തിന്റെ ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമിൽ ഉൾപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നതാണ്. ഇൻഡ്യൻ എയർലൈൻസ് പൈലറ്റുമാരുടെ സമരത്തെത്തുടർന്ന് വിദേശ മലയാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധ യിൽപ്പെടുത്തുന്നതാണ്. കേരളാ എയർവേസ് എന്ന ആശയം പുനരുജ്ജീവി പ്പിക്കുന്നതിനും ഏറ്റവും കുറഞ്ഞ ചെലവിൽ പ്രവാസി മലയാളികൾക്ക് നാട്ടിൽ വരുന്നതിനായി ഒരു കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനുമുള്ള നിർദ്ദേശം പരിഗണിക്കുന്നതാണ്. പ്രവാസികളുടെ റീഹാബിലിറ്റേഷൻ സ്കീം നടപ്പിലാക്കുന്നതിന് 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രവാ സികൾക്കുള്ള സാന്ത്വനം ചികിത്സാപദ്ധതിക്ക് 20000 കോടി രൂപയും നോർക്കാ റൂട്ട്സ് ചെയർമാൻ ഫണ്ടിൽനിന്ന് 25000 രൂപ വീതവും പരമാ വധി സഹായം കൊടുക്കുന്നുണ്ട്. ജയിലുകളിൽ കഴിയുന്ന പ്രവാസികളെ തിരികെ നാട്ടിലെത്തിക്കുന്നതിന് ‘‘സ്വപ്നസാഫല്യം’’ പദ്ധതി നടപ്പിലാ ക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഗൾഫിലെ ഇന്ത്യൻ എമ്പസികളിൽ ഒരു മല യാളി ഉദ്യോഗസ്ഥനുണ്ടാകണമെന്ന ആവശ്യം കേന്ദ്ര പ്രവാസികാര്യ വകു പ്പുമന്ത്രിയോട് ഉന്നയിച്ചിട്ടുണ്ട്. പ്രവാസിക്ഷേമവകുപ്പ്, നോർക്കാ റൂട്ട്സ്, പ്രവാസിക്ഷേമനിധി തുടങ്ങിയവ സംയോജിപ്പിച്ചുകൊണ്ട് പ്രവാസികളുടെ ക്ഷേമകാര്യങ്ങളിൽ സർക്കാർ ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. വികസന പദ്ധതിക ളിൽ പ്രവാസികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന പ്രവാസി വികസന ബോണ്ടിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്. സീസൺ

അനുസരിച്ച് വിമാനച്ചാർജ്ജ് വർദ്ധിപ്പിക്കുന്ന നയം തിരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്.

<u>സബ്മിഷൻ</u>

(1) <u>തടയണ നിർമ്മാണം</u>

<u>ശ്രീ. ഇ.പി. ജയരാജൻ:</u> മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മാലൂർ ഗ്രാമപഞ്ചായത്തിൽ അഞ്ചരക്കണ്ടിപ്പുഴയ്ക്ക് കുറുകെ മുടപ്പത്തൂർ ഭാഗത്ത് പ്രയോറിറ്റി വർക്ക്സ് അണ്ടർ മൈനർ ഇറിഗേഷൻ സ്കീമിൽപ്പെടുത്തി ഒരു തടയണ കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്)</u>: മട്ടന്നൂർ നിയോജക മണ്ഡലത്തിലെ അഞ്ചരക്കണ്ടിപ്പുഴയ്ക്ക് കുറുകെ മുടപ്പത്തൂർ ഭാഗത്ത് തടയണ നിർമ്മിക്കുന്നതുസംബന്ധിച്ച് വിവിധ തലങ്ങളിലുള്ള പരിശോധ നകൾ പൂർത്തിയാക്കി എത്രയുംവേഗം സാങ്കേതികാനുമതി നൽകി പദ്ധതി ഏറ്റെടുക്കുന്നതാണ്.

(2)<u>പുതിയ വില്ലേജ് ഓഫീസ്</u>

<u>ശ്രീ. മോൻസ് ജോസഫ്:</u> കോട്ടയം ജില്ലയിലെ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് കേന്ദ്രമാക്കി പുതിയ വില്ലേജ് ഓഫീസ് ആരംഭിക്കാനും വില്ലേജ് ഓഫീസുകൾ ഇല്ലാത്ത പഞ്ചായ ത്തുകളിൽ പുതിയവ ആരംഭിക്കാനും നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്)</u>: നിലവിൽ വില്ലേജ് ഓഫീസുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ വില്ലേജ് ഓഫീസുകൾ ആരംഭിക്കാനും അനുബന്ധ വിഷയങ്ങളെ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാനും ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു പഞ്ചായത്തിന് ഒരു വില്ലേജ് ഓഫീസ് എന്ന നയം നടപ്പിലാക്കുമ്പോൾ

കോട്ടയം ജില്ലയിലെ കടപ്ലാമറ്റം പഞ്ചായത്തിൽ ഒരു വില്ലേജ് ഓഫീസ് നിലവിൽ വരുന്നതാണ്.

(3) വരുമാന-ജാതി സർട്ടിഫിക്കറ്റുകളുടെ കാലാവധി നീട്ടൽ

ശ്രീ. എ.റ്റി. ജോർജ്: വില്ലേജ്-താലൂക്ക് ഓഫീസുകളിൽ നിന്നും ലഭ്യമാകുന്ന വരുമാന-ജാതി സർട്ടിഫിക്കറ്റുകളുടെ കാലാവധി രണ്ടു വർഷ മാക്കി നിജപ്പെടുത്തുന്നതിനും പഞ്ചായത്തിലെ വ്യക്തിഗത ആനുകൂല്യ ത്തിന് വാങ്ങുന്ന ജാതി സർട്ടിഫിക്കറ്റുകൾ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കത്തക്കവിധത്തിൽ ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 1985-ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രത്യേക ആവശ്യത്തിനുവേണ്ടി നൽകിവരുന്ന വരുമാന സർട്ടിഫിക്കറ്റ് രണ്ട് വർഷക്കാലത്തേക്കോ അല്ലെങ്കിൽ കോഴ്സിന്റെ കാലാവധി വരെയോ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ചില സ്ഥാപനങ്ങൾക്ക് നിശ്ചിത ഫോർമാറ്റിൽ വരുമാന സർട്ടിഫിക്കറ്റ് നൽകേണ്ട സാഹചര്യമൊഴിച്ച് വരുമാന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടു ത്തിയ പകർപ്പ് വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കത്തക്കവിധത്തിൽ സാധുത കാലാവധി ഏകീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാ ണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 2002-ലെ കേരള പട്ടികജാതി/പട്ടികവർഗ്ഗ ഗോത്ര സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമ പ്പെടുത്തൽ ചട്ടങ്ങളിൽ പറയുന്ന പ്രകാരവും മറ്റു വിഭാഗങ്ങൾക്ക് മറ്റൊരു സർക്കാർ ഉത്തരവ് പ്രകാരവുമാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. ജാതി സർട്ടി ഫിക്കറ്റിന്റെ സാധുത കാലാവധി ദീർഘിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാ രിന്റെ പരിഗണനയിലില്ല.

(4) റവന്യൂ ഭരണ സംവിധാനം

ശ്രീ. കെ.എൻ.എ. ഖാദർ: ഒരു പഞ്ചായത്ത് ഒരു വില്ലേജ് ആയും ഒരു നിയമസഭാമണ്ഡലം ഒരു താലൂക്ക് ആയും ഒരു ലോക്സഭാ മണ്ഡലം ഒരു റവന്യൂ ഡിവിഷൻ ആയും വരത്തക്കവിധത്തിൽ റവന്യൂ ഭരണ സംവിധാനം പുന:സംഘടിപ്പിക്കാൻ ഒരു കമ്മീഷനെ നിശ്ചയിച്ച് പഠനം നടത്താൻ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സംസ്ഥാനത്തെ റവന്യൂ ഭരണ സംവിധാനം പഞ്ചായത്ത്, നിയമസഭ, ലോക്സഭ എന്നിവയുടെ അടിസ്ഥാനത്തിൽ പുന:സംവിധാനം ചെയ്യേണ്ട തിന്റെ ആവശ്യകത സർക്കാർ വിശദമായി പരിശോധിച്ചിട്ടില്ല. ഒരു പഞ്ചായ ത്തിന് ഒരു വില്ലേജ് ഓഫീസ് എന്ന നയം സർക്കാർ തത്വത്തിൽ അംഗീകരി ച്ചിട്ടുണ്ട്. വില്ലേജ് ഓഫീസ് ഇല്ലാത്ത പഞ്ചായത്തുകളിൽ വില്ലേജ് ഓഫീസ് സ്ഥാപിക്കാൻ അനുബന്ധ വിഷയങ്ങളെ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂമിശാസ്ത്രപരമായ സവിശേഷത, ജനസംഖ്യ, വില്ലേജുകളുടെ എണ്ണം, വിസ്തീർണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ താലൂക്കുകളുടെ പുന:സംഘടന സംബന്ധിച്ച് പഠനം നടത്തുന്നത് പരിഗണനയിലാണ്.

(5) ഫയർ സ്റ്റേഷൻ

ശ്രീ. എം.ഹംസ: റവന്യൂ ആസ്ഥാനമായ ഒറ്റപ്പാലത്ത് ഒരു ഫയർ സ്റ്റേഷൻ അനുവദിക്കണമെന്ന വളരെക്കാലമായുള്ള ആവശ്യം നടപ്പിലാ ക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഒറ്റപ്പാലത്ത് അഗ്നിശമന രക്ഷാനിലയം ആരംഭിക്കാൻ

അനുയോജ്യമായ സ്ഥലവും കെട്ടിടവും സൗജന്യമായി ലഭ്യമാക്കുന്നതിന് നഗരസഭയോട് ആവശ്യപ്പെട്ടെങ്കിലും ലഭ്യമായിട്ടില്ല. അടുത്ത അഞ്ച് വർഷത്തേയ്ക്ക് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന അഗ്നിശമന രക്ഷാ നിലയങ്ങളുടെ പട്ടികയിൽ ഒറ്റപ്പാലം ഉൾപ്പെടുന്നില്ലെങ്കിലും ഇക്കാര്യം പരിശോധിച്ച് അർഹിക്കുന്നതാണെങ്കിൽ നൽകുന്നതാണ്.

(6) അക്വാഡക്ടുകളുടെ അറ്റകുറ്റപ്പണികൾ

ശ്രീ. സി.കെ. നാണു: കുറ്റ്യാടി ജലസേചന പദ്ധതിയിലെ കേടായ അക്വാഡക്ടുകളുടെ അറ്റകുറ്റപ്പണികൾ നടത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): കുറ്റ്യാടി ജലസേചന പദ്ധതിയിലെ അഴിയൂർ ബ്രാഞ്ച് കനാലിലെ അപകടാവസ്ഥയിലുള്ള അക്വാഡക്ട് നന്നാക്കാൻ കഴിയാത്തതിനാൽ അത് പുന:സ്ഥാപിക്കണമെന്ന് എൻ.ഐ.ടി.സി.യിലെ സാങ്കേതിക വിദഗ്ദ്ധർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. അക്വാഡക്ട് പുനർനിർമ്മിക്കുന്നതിന് ചീഫ് എഞ്ചിനീയർ സമർപ്പിച്ച എസ്റ്റിമേറ്റ് സ്പെഷ്യൽ വർക്കിംഗ് റൂൾ പ്രകാരം പാസ്സാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(7) കാലപ്പഴക്കംചെന്ന കുടിവെള്ള പൈപ്പുകൾ മാറ്റുന്നതുസംബന്ധിച്ച്

ശ്രീ. പാലോട് രവി: നെടുമങ്ങാട് നഗരസഭയിൽ വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള കാലപ്പഴക്കംചെന്ന കുടിവെള്ള പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കാനുള്ള പ്രോജക്ടിന് അംഗീകാരം നൽകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): നെടുമങ്ങാട് നഗര സഭയിലെ കുടിവെള്ള വിതരണ പദ്ധതിയിലെ പൈപ്പുകൾ കാലപ്പഴക്കവും ഗുണനിലവാരമില്ലായ്മയുംമൂലം നിരന്തരമായി വെള്ളം ചോർന്നുപോകുന്ന

തിനാൽ നഗരപ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. പ്രസ്തുത പ്രിമോ പൈപ്പ് മാറ്റി ഇരുമ്പ് പൈപ്പ് സ്ഥാപിക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി പരിശോധിച്ചുവരുന്നു. പമ്പിംഗ് ശേഷി വർദ്ധിപ്പിക്കുന്നതിനായി ഓർഡർ നൽകിക്കഴിഞ്ഞ 175 എച്ച്.പി. ശേഷിയുള്ള രണ്ട് പമ്പുകൾ ആഗസ്റ്റ് മാസത്തിനുള്ളിൽ സ്ഥാപിക്കുന്നതോടുകൂടി നെടുമങ്ങാട് നഗരസഭയിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണുന്നതാണ്.

(8) പി.എച്ച്.സി., സി.എച്ച്.സി. ആയി ഉയർത്തൽ

ശ്രീ. വി. ചെന്താമരാക്ഷൻ: കൊല്ലങ്കോട് നിയോജകമണ്ഡലത്തിലെ പി.എച്ച്.സി., സി.എച്ച്.സി. ആയി ഉയർത്തുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കൊല്ലങ്കോട് പി.എച്ച്.സി.യിൽ രണ്ട് ഡോക്ടർമാർ, അഞ്ച് സ്റ്റാഫ് നഴ്സുമാർ, അഞ്ച് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നിങ്ങനെ 25 പോസ്റ്റുകൾ അനുവദിച്ചിട്ടുണ്ട്. ഒരു ഡോക്ടറുടേയും ഒരു ലാബ് ടെക്നീഷ്യന്റെയും ഒഴിവ് താൽക്കാലികാടിസ്ഥാനത്തിൽ നികത്തിയിട്ടുണ്ട്. അവിടെ നിലവിലുള്ള ആറ് കെട്ടിടങ്ങളിൽ മൂന്നെണ്ണം ഉപയോഗിക്കുന്നുണ്ട്. മൂന്ന് കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ കാരണം കിടത്തി ചികിത്സയ്ക്ക് കഴിയുന്നില്ല. കൊല്ലങ്കോട് പി.എച്ച്.സി., സിഎച്ച്.സി ആയി ഉയർത്തുന്ന കാര്യം പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

(9) <u>എസ്.എസ്.എ. യ്ക്ക് നൽകുന്ന വിഹിതം</u>

<u>ശ്രീ. എം.പി. വിൻസെന്റ്</u>: എസ്.എസ്.എ. യ്ക്ക് പഞ്ചായത്ത് നൽകുന്ന പ്ലാൻ ഫണ്ടിന്റെ വിനിയോഗം ലോക്കൽ ഫണ്ട് ആഡിറ്റിംഗിന് വിധേയമാക്കുന്നത് സംബന്ധിച്ച ഗവൺമെന്റ് നിലപാട് വ്യക്തമാക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. അബ്ദു റബ്ബ്</u>) : എസ്.എസ്.എ. യുടെ പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുകയുടെ 65% കേന്ദ്ര സർക്കാരും ബാക്കി സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. 2011–2012–ലെ നീക്കിയിരുപ്പ് തുകയായ 166 കോടി രൂപയുൾപ്പെടെ 523 കോടി രൂപയുടെ പദ്ധതികളാണ് 2012–13 ലേയ്ക്ക് അനുവദിച്ചിട്ടുള്ളത്. ഈ വർഷത്തെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാരിൽ നിന്നും പഞ്ചായത്തുകൾക്ക് ഇതുവരെ പണമൊന്നും വിതരണം ചെയ്തിട്ടില്ല. കേന്ദ്ര സർക്കാരിൽ നിന്നും 34 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഈ വർഷം ആദ്യമായി നടപ്പാക്കിയ സൗജന്യ യൂണിഫോം വിതരണമുൾപ്പെടെ ഏകദേശം 100 കോടിയോളം രൂപ എസ്.എസ്.എ. ചെലവഴിച്ചിട്ടുള്ളത് 2011–12–ലെ നീക്കിയിരുപ്പ് തുക ഉപയോഗിച്ചാണ്. സാമ്പത്തിക വിനിയോഗത്തെ സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കണക്കിലെടുത്താണ് എസ്.എസ്.എ. പ്രവർത്തനങ്ങൾ നടത്തുന്നത്. സാമ്പത്തിക വിനിയോഗങ്ങൾ കൂടുതൽ സുതാര്യതയോടെ പഞ്ചായത്ത് എഡ്യൂക്കേഷൻ കമ്മിറ്റികളിൽ അവതരിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്.

ക്രമപ്രശ്നം

## 2006-ലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം മേശപ്പുറത്ത് വയ്ക്കാത്തത് സംബന്ധിച്ച്

ശ്രീ. വി.ഡി. സതീശൻ: റൂൾസ് ഓഫ് പ്രൊസീഡുവറിലെ റൂൾ 166 അനുസരിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ, ഉത്തരവുകൾ, ചട്ടങ്ങൾ തുടങ്ങിയവയ്ക്ക് കേരള നിയമസഭയുടെ അംഗീകാരം നേടിയിരിക്കണമെന്നിരിക്കെ, വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട് 2006-ൽ സർക്കാർ ഇറക്കിയ എസ്.ആർ.ഒ. ഇതുവരെ നിയമസഭ യുടെ മേശപ്പുറത്ത് വച്ചിട്ടില്ല.. റൂൾ 166 അനുസരിച്ച് മാൻഡേറ്ററിയായി സഭയുടെ മേശപ്പുറത്തുവയ്ക്കാതെ ഒരു ചട്ടം പ്രാബല്യത്തിൽ വരാൻ പാടില്ല, നിയമപരമായി അതിന് പരിരക്ഷയുമില്ല. അത് നിയമസഭാ നടപടി ക്രമങ്ങളോടുള്ള അവഹേളനമാണ്. ഇതിന്റെ കുറവുകൾ മുൻകാല പ്രാബല്യത്തിൽ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : 2006-ലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ പ്രസ്തുത വിജ്ഞാപനം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതായിരുന്നു. പൊതുഭരണ ഏകോപന വകുപ്പിന്റെ 20-12-2011-ലെ കത്ത് പ്രകാരം പ്രസ്തുത എസ്.ആർ.ഒ.യുടെ 250 പകർപ്പു കളും ഡിലേ സ്റ്റേറ്റ്മെന്റിന്റെ 250 പകർപ്പുകളും സഹിതം നിയമസഭാ സമിതി മുമ്പാകെ വയ്ക്കുന്നതിനായി അയച്ചുകൊടുത്തിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനം നിയമസഭയുടെ മേശപ്പുറത്ത് യഥാസമയം സമർപ്പിക്കാതി രുന്നത് വിവരാവകാശ നിയമത്തിന്റേയും നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടേയും ലംഘനമായി കണക്കാ ക്കാവുന്നതാണെങ്കിലും പ്രസ്തുത വിജ്ഞാപനത്തിനോ വിജ്ഞാപനപ്ര

കാരം എടുത്ത ഏതെങ്കിലും നടപടികൾക്കോ നിയമസാധുത ഇല്ലാതാകുന്നില്ല.

<u>റൂളിംഗ്</u>

<u>മി. സ്പീക്കർ</u> : 2005-ലെ വിവരാവകാശ നിയമം ഒരു കേന്ദ്ര നിയമമാണ്. പ്രസ്തുത നിയമത്തിന്റെ സെക്ഷൻ 24(4) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു നോട്ടിഫിക്കേഷനാണ് എസ്.ആർ.ഒ. 127/2006. വിവരാവകാശ നിയമത്തിലെ സെക്ഷൻ 24(5) പ്രകാരം മേൽപ്പറഞ്ഞ നോട്ടിഫിക്കേഷൻ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. 7-2-2006-ൽ പുറപ്പെടുവിച്ച പ്രസ്തുത നോട്ടിഫിക്കേഷൻ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം, നാലാം സമ്മേളനകാലത്ത് 6-3-2012-ൽ സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. ഇതിന് കാലതാമസമുണ്ടായതിന്റെ കാരണം മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ സംബന്ധിച്ച സമിതിക്ക് പരിശോധിക്കാവുന്നതാണ്. ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

<u>മേശപ്പുറത്തുവച്ച കടലാസുകൾ</u>

കാര്യ വിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

ധനകാര്യം

2012-2013 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ.കെ.എം. മാണി): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ V- കാർഷികാദായനികുതിയും വില്പന നികുതിയും (113,39,71,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXI - ഭവനനിർമ്മാണം(138,79,59,000 രൂപ)

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ.അടൂർ പ്രകാശ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VI - ഭൂനികുതി (230,43,92,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XI - ജില്ലാഭരണവും പലവകയും (237,02,00,000 രൂപ)

ധനാഭ്യർത്ഥനനമ്പർ XXVI - പ്രകൃതിക്ഷോഭം മുലമുള്ള ദുരിതാശ്വാസത്തിന് (195,42,01,000 രൂപ)

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി:) കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭൂനികുതി എന്ന VI -ാം നമ്പർ ധനാഭ്യർത്ഥനയേയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥന

യേയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സർവ്വശ്രീ കെ. ദാസൻ, ബി.ഡി. ദേവസ്സി, എം. ഹംസ, മുല്ലക്കര രത്നാകരൻ, പി. തിലോത്തമൻ, ഇ.കെ. വിജയൻ, ജി.എസ്. ജയലാൽ, കെ.വി. വിജയദാസ്, എ.എം. ആരിഫ്, ബാബു എം. പാലിശ്ശേരി, സാജു പോൾ, ബി. സത്യൻ, വി. ശിവൻകുട്ടി, കെ. കുഞ്ഞമ്മത് മാസ്റ്റർ, പുരുഷൻ കടലുണ്ടി, ആർ. രാജേഷ്, രാജു എബ്രഹാം, കെ. അജിത്, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), കെ.കുഞ്ഞിരാമൻ (ഉദുമ), പി.റ്റി.എ. റഹീം, ആർ. രാജേഷ്, ഇ.കെ. വിജയൻ, ശ്രീമതിമാർ ഇ.എസ്. ബിജിമോൾ, ഗീതാ ഗോപി, കെ.എസ്. സലീഖ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. സാജു പോൾ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യു.ഡി.എഫ്.-ന്റെ പ്രകടനപത്രികയിലും ഗവർണ്ണറുടെ നയപ്രഖ്യാപനത്തിലും ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റുകളിലും 12-ാം പദ്ധതിയുമായി ബന്ധപ്പെട്ട സമീപന രേഖയിലും പറഞ്ഞിട്ടുള്ള കാര്യങ്ങളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. ആഗോള സാമ്പത്തിക പ്രതിസന്ധിമൂലം ദേശീയ തലത്തിൽ പണപ്പെരുപ്പം രൂക്ഷമാവുകയും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ക്രമാതീതമായി വർദ്ധിക്കുകയും രൂപയുടെ വിലയിടിവ് അനുഭവപ്പെടുകയും ചെയ്യുന്നത് ഇതാദ്യമായിട്ടാണ്. കോർപ്പറേറ്റ്വൽക്കരണത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ പ്രത്യക്ഷ

നികുതി കുറയ്ക്കുകയും പരോക്ഷ നികുതി കൂട്ടുകയും ചെയ്തപ്പോൾ സർക്കാരും അതേ സമീപനമാണ് പിൻതുടർന്നത്. പെൻഷൻ ഫണ്ട് മാനേജ് ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് (FDI) സ്വീകരിക്കാൻ പോകുന്നതും പാൻ കാർഡിന്റെയും പാസ്പോർട്ടിന്റെയും വിതരണം സ്വകാര്യവൽക്കരിക്കുന്നതും കേന്ദ്ര-സംസ്ഥാന സാമ്പത്തിക സംവിധാനത്തിന് വെല്ലുവിളിയായിരിക്കും. യാതൊരു ഏകോപനവുമില്ലാതെയാണ് സർക്കാർ വകുപ്പുകൾ പണം ചെലവഴിക്കുന്നത്. കെ.എസ്.എഫ്.ഇ.ക്കും മെട്രോ റെയിൽവേയ്ക്കുംവേണ്ടി നീക്കിവച്ച ഫണ്ട് ആക്സിസ് ബാങ്കിൽ നിക്ഷേപിച്ചതിനെക്കുറിച്ച് പരിശോധിക്കണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടക്കംകുറിച്ച ചെക്ക് പോസ്റ്റുകളുടെ നവീകരണവും ഇ-ഫയലിംഗും ഇ-പേമെന്റും ഇ-സ്റ്റാമ്പിംഗും ഇതുവരെ നടപ്പാക്കിയിട്ടില്ല. ചെക്ക്പോസ്റ്റുകളെ അഴിമതിയുടെ കേന്ദ്രങ്ങളാക്കി മാറ്റുന്ന നയങ്ങളാണ് സർക്കാൻ സ്വീകരിക്കുന്നത്. .ജി.എസ്.ടി. നടപ്പാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ചെറുകിട വ്യാപാര മേഖലയിലെ നികുതിയെ സംബന്ധിച്ച് പഠനം നടത്താതെ ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് സ്വീകരിക്കുന്നതും ഫുഡ് സെക്യൂരിറ്റി ആക്ട് നടപ്പാക്കുന്നതും ഒരു ഗവണ്മെന്റിന് ഭൂഷണമല്ല. ഏവിയേഷൻ ഫ്യുവൽ ഇറക്കുമതി ചെയ്യാൻ വിമാനക്കമ്പനികളെ അനുവദിച്ചതിലൂടെ ഏവിയേഷൻ ടാക്സ് ഇനത്തിൽ സംസ്ഥാനത്തിന് കിട്ടുന്ന വരുമാനം നിലയ്ക്കാൻ പോകുകയാണ്. മുല്ലപ്പെരിയാർ പ്രശ്നത്തിൽ സംസ്ഥാനത്തിന്റെ സുരക്ഷയ്ക്ക് അനുയോജ്യമായ നടപടി സ്വീകരിക്കാത്തത് ഖേദകരമാണ്. പി.കെ. വാസുദേവൻ നായർ ട്രസ്റ്റിന് ഫണ്ട് കൊടുക്കുന്നതിനും

പെരുമ്പാവൂർ ടൗൺ ബൈപാസ്സിന് സ്ഥലം ഏറ്റെടുക്കുന്നതിനും മാവൂർ-ഗ്വാളിയർ റയോൺസ് കമ്പനി തുറക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. ജോസഫ് വാഴക്കൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസന പദ്ധതികളുടെ നടത്തിപ്പിന് കാലതാമസം ഉണ്ടാക്കുന്ന റവന്യൂ നിയമങ്ങൾ പൊളിച്ചെഴുതാൻ നടപടി സ്വീകരിക്കണം. പദ്ധതികൾ മുടങ്ങിക്കിടക്കുന്നതിനാൽ എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയിൽ സർവ്വേയർമാരുടെ ഒഴിവുകൾ എത്രയുംവേഗം നികത്തുകയും റവന്യു വകുപ്പിനെ അടിമുടി പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യണം. ഭൂമിശാസ്ത്രപരമായ ഘടനയും ജനസംഖ്യയുടെ വലിപ്പവും വികസന രംഗത്തുള്ള അസന്തുലിതാവസ്ഥയുമൊക്കെ കണക്കിലെടുത്തുകൊണ്ട് നിലവിലുള്ള ജില്ലകളുടെ പുനർവിഭജനം നടത്തണം. മൂവാറ്റുപുഴയേയും എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയേയും കേന്ദ്രീകരിച്ച് ഒരു ജില്ല രൂപീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണം. താലൂക്കുകളുടെ രൂപീകരണത്തിൽ വന്നിട്ടുള്ള അസന്തുലിതാവസ്ഥ പരിഹരിക്കണം. ധനകാര്യകമ്മീഷന്റെ അവാർഡ് ജില്ലാടിസ്ഥാനത്തിൽ വരുന്നതിനാൽ കൂടുതൽ വിഹിതം നേടിയെടുക്കാൻ കൂടുതൽ ജില്ലകൾ രൂപീകരിക്കുന്നത് നല്ലതാണ്. ലാന്റ് അക്വിസിഷന്റെ കാര്യത്തിൽ അനാവശ്യ കാലതാമസമുണ്ടാവുന്നതുകാരണം പദ്ധതികളുടെ നടത്തിപ്പിന് കൂടുതൽ തുക ചെലവഴിക്കേണ്ടിവരുന്ന സ്ഥിതിവിശേഷം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. മൂവാറ്റുപുഴ ബൈപ്പാസ്, മൂവാറ്റുപുഴ-കൂത്താട്ടുകുളം റോഡ്, മൂവാറ്റുപുഴ ടൗൺ കെ.എസ്.ടി.പി.റോഡ് എന്നിവയുടെ പണികൾ ലാന്റ് അക്വിസിഷൻ നടത്തി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

ആധുനിക ഉപകരണങ്ങളും ജീവനക്കാർക്ക് ട്രെയിനിംഗും നൽകി റീസർവ്വേ നടപടികൾ ത്വരിതഗതിയിലാക്കണം. 'സീറോ ലാന്റ്ലെസ്സ് ഫാമിലി' പ്രോഗ്രാമിലേക്ക് അപേക്ഷ കൊടുക്കുന്നതിൽ വന്നിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാനും ഭൂമിയില്ലാത്ത എല്ലാവരേയും അതിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കണം. വില്ലേജാഫീസറും തഹസീൽദാറും നിയമാനുസൃതം നൽകിയ രേഖകളുടെ അടിസ്ഥാനത്തിൽ വൻ തുകകൾ നൽകി സാധാരണക്കാർ വാങ്ങിയ ഭൂമി കയ്യേറ്റ ഭൂമിയാണെന്ന് മുദ്രകുത്തി ഒഴിപ്പിക്കുന്നതിനുത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കണം. മണൽ, മണ്ണ്, പാറ മുതലായവയുടെ ഖനനം മൂലം എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പാരിസ്ഥിതികവും സാമ്പത്തികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീമതി ഇ.എസ്. ബിജിമോൾ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഒരു ലക്ഷംപേർക്ക് പ്രത്യക്ഷമായും അഞ്ച്ലക്ഷം പേർക്ക് പരോക്ഷമായും സ്വയംതൊഴിൽ ഉറപ്പ് വരുത്തുമെന്ന സർക്കാരിന്റെ വാഗ്ദാനം പ്രാവർത്തിക മാക്കുന്നതിനുള്ള ഒരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. ക്ഷേമപെൻഷ നുകളുടെ കുടിശ്ശിക ഇതുവരെയും വിതരണം ചെയ്തിട്ടില്ല. ധനകാര്യ വകു പ്പ് സാമ്പത്തികാനുമതിയും ഭരണാനുമതിയും നൽകാത്തതിനാൽ മറ്റ് വകു പ്പുകളുടെ നേതൃത്വത്തിൽ നടപ്പാക്കി വരുന്ന വികസന പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണ്. രാസവള സബ്സിഡിയിനത്തിൽ 110 കോടി രൂപ ഇനിയും അനുവദിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന ഫണ്ട് യഥാസമയം ഉപയോഗിക്കുന്നതിന് ക്യാബിനറ്റിന്റെ അനുമതി വേണമെന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. മിൽമയ്ക്ക് കുടിശ്ശിക തുക കൊടുക്കാത്തതി

നാൽ സ്കൂൾ കുട്ടികൾക്കുള്ള പാൽ വിതരണം നിലച്ചിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കർഷക കടാശ്വാസ നിയമപ്രകാരം എഴുതിത്തള്ളിയ തുക ബാങ്കുകൾക്ക് കൊടുക്കാത്തതിനാൽ കർഷകർക്ക് ജപ്തി നോട്ടീസുകൾ വീണ്ടും ലഭിച്ചുകൊണ്ടിരിക്കുകയാണ്. ആശുപത്രിക ളിൽ ജനറിക് മരുന്നുകൾ വിതരണം ചെയ്യുമെന്ന പ്രഖ്യാപനം നടപ്പിലാക്ക ണം. സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനെന്ന പേരിൽ ലോട്ടറി നറുക്കെടുപ്പ് ദിനങ്ങൾ വർദ്ധിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. സർക്കാർ പരസ്യങ്ങൾക്കുവേണ്ടി ചെലവഴിക്കുന്ന തുകയുടെ കണക്ക് വെളിപ്പെടുത്തണം. വിലക്കയറ്റം നിയന്ത്രിക്കാൻ മാതൃകാപരമായി കമ്പോള ഇടപെടൽ നടത്താൻ സർക്കാരിന് സാധിച്ചിട്ടില്ല. ഭവന നിർമ്മാണ സാമഗ്രിക ളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നതിനാൽ നിർമ്മാണ രംഗം സ്തംഭി ച്ചിരിക്കുകയാണ്. സാധാരണക്കാരെ സഹായിക്കുന്നതിനു പകരം വൻകിട കുത്തകകളെ സഹായിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ചെക്ക്പോസ്റ്റുകളിലെ അഴിമതി, നികുതി ചോർച്ച എന്നിവ തടയുന്ന കാര്യ ത്തിൽ ഈ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ കഴിയണം.

<u>ശ്രീ. സി. മമ്മൂട്ടി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭവന രഹിതർക്കുളള സാഫല്യം പദ്ധതി, നിർദ്ധനരായ രോഗികൾക്ക് സൗജന്യ മരുന്ന് വിതരണം, ക്യാൻസർ തുടങ്ങിയ മാരകരോഗങ്ങൾക്ക് ഓപ്പറേഷന് തുക അനുവദിക്കൽ, കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണം തുടങ്ങിയവ നടപ്പിലാക്കിയതിലൂടെ ഈ ഗവൺമെന്റിന്റെ ഒരു വർഷത്തെ ഭരണനേട്ടം വിലയിരുത്താനാകും. ജില്ലാഭരണകൂടത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ പരിഷ്ക്കരിക്കണം. ലാന്റ് അക്വിസിഷൻ നടപടികൾ സുതാര്യമാ

ക്കാൻ നടപടി സ്വീകരിക്കണം. സർക്കാർ സ്ഥാപനങ്ങൾക്കായി കണ്ടെത്തുന്ന പുറമ്പോക്ക് ഭൂമിയിൽ നിയമതടസ്സം ഒഴിവാക്കി കാല വിളംബം കൂടാതെ സ്ഥാപനങ്ങൾ നിർമ്മിക്കാൻ നടപടിയുണ്ടാകണം. ജന ങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും നിയോജകമണ്ഡലാടിസ്ഥാ നത്തിൽ കോൺസ്റ്റിറ്റ്യുവന്റ് ഡെവലപ്മെന്റ് കൗൺസിൽ (സി.ഡി.സി.) രൂപീകരിക്കണം. കൃത്രിമ മണൽക്ഷാമം സൃഷ്ടിക്കുന്ന മാഫിയകളെ നിയന്ത്രിക്കാൻ കഴിയണം. ഭാരതപ്പുഴയിൽ അടിഞ്ഞുകൂടുന്ന മണൽകൂന ഡ്രെഡ്ജ് ചെയ്ത് 50 കിലോ പാക്കറ്റുകളാക്കി സർക്കാരിന്റെ നിയന്ത്രണ ത്തിന് വിധേയമാക്കി പഞ്ചായത്തുകൾ വഴിയോ സംഘങ്ങൾ വഴിയോ വിതരണം ചെയ്യാൻ നടപടിയുണ്ടാകണം. സാധാരണക്കാർക്ക് കെട്ടിട നിർമ്മാണത്തിനാവശ്യമായ സാധനസാമഗ്രികൾ ന്യായവിലയ്ക്ക് നിർമ്മിതി കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്ന "കലവറ" പദ്ധതി ആരംഭിക്കാൻ നടപടിയുണ്ടാകണം. മാരക രോഗങ്ങൾ പിടിപ്പെട്ട രോഗികൾക്ക് ഓപ്പറേ ഷനുവേണ്ടി കാരുണ്യ ലോട്ടറിയിലൂടെ പണം സ്വരൂപിച്ച് നൽകുന്ന പദ്ധതി യിൽ സ്പെഷ്യലൈസ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളെക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം. പ്രകൃതിക്ഷോഭമടക്കമുള്ള ദുരന്ത നിവാരണ യന്ത്രസാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തണം. കാലവർഷക്കെ ടുതിയിൽ നാശനഷ്ടം സംഭവിക്കുന്നവർക്ക് അടിയന്തരസഹായം എത്തി ക്കണം. ബി.പി.എൽ. കുടുംബത്തിലെ ഗൃഹനാഥൻ മരണപ്പെടുമ്പോൾ മരണാനന്തരച്ചടങ്ങുകൾക്ക് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കണം. പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിന് ക്രൈസിസ് മാനേജുമെന്റ് സംവിധാനം കാര്യക്ഷമമാക്കണം. റീജിയണൽ ക്യാൻസർ സെന്ററിൽ

ചികിത്സയിൽ കഴിയുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്ക് സൗജന്യഭക്ഷണവും താമസസൗകര്യവും നൽകുന്നതിനായി രൂപീകരിച്ച സി.എച്ച്. മുഹമ്മദ്കോയ സാഹിബ് ട്രസ്റ്റ് സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി അഭിനന്ദനാർഹമാണ്. ബിവറേജസ് കോർപ്പറേഷൻ വഴി വിൽക്കുന്ന മദ്യത്തിന് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സെസ്സിലൂടെ ലഭിക്കുന്ന തുക പാവപ്പെട്ട രോഗികളുടെ ചികിത്സക്കായി വിനിയോഗിക്കണം.

<u>ശ്രീമതി ജമീലാ പ്രകാശം</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇൻഡ്യൻ രജിസ്ട്രഷൻ നിയമവും, 1950-ലെ കേരള സ്റ്റാമ്പ് ഡ്യൂട്ടി നിയമവും ലംഘിച്ചുകൊണ്ട് മൊബൈൽ ടവർ സ്ഥാപിച്ച് വെട്ടിപ്പ് നടത്തുന്നത് പരിശോധനാവിധേയമാക്കണം. അന്തർ സംസ്ഥാന വ്യാപാരങ്ങളിലൂടെ നടത്തുന്ന നികുതി വെട്ടിപ്പ് കണ്ടെത്താനും കുറ്റക്കാർക്കെതിരെ ക്രിമിനൽ കേസ് എടുക്കാനും നടപടി സ്വീകരിക്കണം. അമരവിള, വാളയാർ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്തെ നികുതി വരുമാന വർദ്ധനവ് ഈ സർക്കാരിന് നിലനിർത്താൻ സാധിക്കാത്തത് ഖേദകരമാണ്. 'സാഫല്യം' പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിലെ പഞ്ചായത്തുകളെ ഉൾപ്പെടുത്താത്തത് പ്രതിഷേധാർഹമാണ്. ഭവന നിർമ്മാണ ബോർഡ് സ്വകാര്യമേഖലയിലെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത് ഭൂഷണമല്ല. മത്സ്യത്തൊഴിലാളികൾക്കും മറ്റ് അധ:സ്ഥിത വിഭാഗങ്ങൾക്കും പട്ടയം നൽകുന്ന കാര്യം പരിഗണിക്കണം. ഗോൾഫ് ക്ലബിന്റെ കാര്യത്തിൽ സർക്കാർ സ്വീകരിച്ചിരിക്കുന്ന സമീപനം വിമർശനാത്മകമാണ്. സമരം ചെയ്ത വയനാട്ടിലെ ആദിവാസികളെ കുടിയൊഴിപ്പിക്കൽ, നെല്ലിയാമ്പതി എസ്റ്റേറ്റ് ഏറ്റെടുക്കൽ, കിനാ

ലൂർ എസ്റ്റേറ്റ് വിൽപന, ഹാരിസൺ ഭൂമി ഏറ്റെടുക്കൽ, വാഗമണിൽ സർവ്വേ നടപടികൾ തടസ്സപ്പെട്ടത് തുടങ്ങിയ കാര്യങ്ങളിലുള്ള സർക്കാരിന്റെ സമീപനം പ്രതിഷേധാർഹമാണ്. സീറോ ലാൻഡ് ലെസ്സ് പദ്ധതിയും അവതാളത്തിലാണ്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ട് വിതരണത്തിലെ പക്ഷപാതിത്വം തടയാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനങ്ങൾ സർക്കാരിനെ വിശ്വസിക്കുന്നുവെന്നതിന്റെ തെളിവാണ് നെയ്യാറ്റിൻകരയിലെ ഉപതെരഞ്ഞെടുപ്പ് വിജയം. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കുകയും ജനനന്മയ്ക്കായി പ്രവർത്തിക്കുകയും ചെയ്യുന്ന സർക്കാരാണിത്. റവന്യൂക്കമ്മി, ധനക്കമ്മി എന്നിവ കുറയ്ക്കുവാനും സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുവാനും സാധിച്ചു. ധനഉത്തരവാദിത്ത നിയമ ഭേദഗതി പാസ്സാക്കിയതിലൂടെ 13-ാം ധനകാര്യ കമ്മീഷന്റെ ധനസഹായം നേടിയെടുക്കാൻ കഴിഞ്ഞു. ജനങ്ങളുടെമേൽ നികുതിഭാരം അടിച്ചേൽപ്പിക്കാതെ റവന്യൂ വരുമാനവും നികുതിയേതര വരുമാനവും വർദ്ധിപ്പിക്കാനും നികുതി നിരീക്ഷണ സെൽ ആരംഭിക്കാനും സാധിച്ചു. വാറ്റ് അസസ്സ്മെന്റ് ശരിയായ രീതിയിൽ നടത്താനുള്ള സംവിധാനം ഏർപ്പെടുത്താനും ആഡംബര കാറുകൾക്കും ആൾക്കഹോൾ ഉൽപന്നങ്ങൾക്കും അധിക സെസ്സ് ഏർപ്പെടുത്തിക്കൊണ്ട് നിത്യോപയോഗസാധനങ്ങളുടെ നികുതി നിരക്ക് കുറയ്ക്കാനും കഴിഞ്ഞത് സ്വാഗതാർഹമാണ്. പാവപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്തുവാനും ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാനും ആവശ്യമായ തുക വകയിരുത്താൻ കഴിഞ്ഞത് എടുത്തുപറയേണ്ട നേട്ടമാണ്. കർഷക പെൻഷൻ, വിധവ-അഗതി പെൻഷൻ, വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം,

ഗുരുതരരോഗം ബാധിച്ചവരുടെ പെൻഷൻ, 80 ശതമാനം വികലാംഗത്വമുള്ളവരുടെ പെൻഷൻ, ലോട്ടറിയിൽ നിന്നുള്ള വരുമാനം എന്നിവ വർദ്ധിപ്പിക്കാൻ സാധിച്ചത് അഭിനന്ദനാർഹമാണ്. പാവപ്പെട്ടവരുടെ ചികിത്സാ-സാമ്പത്തിക സഹായത്തിനായി ആരംഭിച്ച കാരുണ്യ ഭാഗ്യക്കുറി മാതൃകാപരമാണ്. മൈത്രി ഭവനപദ്ധതി പ്രകാരം വായ്പയെടുത്തവരുടെ ബാധ്യത എഴുതിത്തള്ളിയ നടപടി പ്രശംസനീയമാണ്. രണ്ടര ലക്ഷം രൂപയ്ക്ക് ഫ്ളാറ്റ് നൽകുന്ന 'സാഫല്യം' പദ്ധതി സ്വാഗതാർഹമാണ്. ലക്ഷം വീട് പദ്ധതിയിലെ ഇരട്ട വീടുകൾ ഒറ്റവീടുകളാക്കുന്ന പദ്ധതിക്കായി രണ്ട് ലക്ഷം രൂപയുടെ ധനസഹായം അനുവദിക്കണം. പ്രാദേശിക വികസന ഫണ്ട് ഒരു കോടി രൂപയായി ഉയർത്തിയതിന് പുറമെ 5 കോടി രൂപയുടെ മൂലധന വികസന ഫണ്ടിന് തുടക്കം കുറിച്ചതും അഭിനന്ദനാർഹമാണ്. 'സീറോ ലാന്റ്ലെസ് സിറ്റിസൺ കേരളം' എന്ന പദ്ധതിക്ക് തുടക്കംകുറിച്ചത് സ്വാഗതാർഹമാണ്. വികസനത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ വീടുകളുടേയും മറ്റ് നിർമ്മിതികളുടേയും ഡിപ്രീസിയേഷൻ കണക്കാക്കാതെ വില നിശ്ചയിച്ചുകൊണ്ട് സമഗ്രമായ പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിരിക്കുന്നത് നല്ല കാര്യമാണ്. ഇടുക്കിയിലെ ഭൂപ്രശ്നങ്ങൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണാൻ ഈ ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങൾ ശ്ലാഘനീയമാണ്. പട്ടയപ്രശ്നങ്ങൾക്ക് പരിഹാരം കാണാനും 1-1-1977-ന് മുമ്പുള്ള കൈവശ കൃഷിഭൂമിക്ക് പട്ടയം കൊടുക്കാനുമുള്ള നടപടികൾ സ്വാഗതാർഹമാണ്. പദ്ധതിക്കായി ഏറ്റെടുത്ത സ്ഥലം ആവശ്യമില്ലാതെ വന്നപ്പോൾ റവന്യൂ വകുപ്പിന് തിരികെ നൽകിയ നടപടി പ്രശംസനീയമാണ്. വർഷങ്ങളായി കൈവശമിരിക്കുന്ന നാല് ഏക്കർ വരെയുള്ള ഭൂമിക്ക് പട്ടയം കൊടു

ക്കുന്ന കാര്യത്തിൽ നയപരമായ തീരുമാനമെടുക്കണം. പട്ടയം നൽകുന്നതിന് അപേക്ഷ സ്വീകരിക്കാൻ ലാന്റ് അസൈൻമെന്റ് ഓഫീസുകൾക്ക് നിർദ്ദേശം നൽകണം. ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന രീതി നടപ്പിലാക്കിക്കൊണ്ട് പല പഞ്ചായത്തുകളിലായി കിടക്കുന്ന വില്ലേജ് ഓഫീസുകൾ ഒരിടത്ത് കൊണ്ടുവരാനും വില്ലേജില്ലാത്ത കാഞ്ചിയാർ പഞ്ചായത്തിനെക്കൂടി ഈ ലിസ്റ്റിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കണം. താലൂക്കില്ലാത്ത ഇടുക്കി ജില്ലയിൽ താലൂക്ക് രൂപീകരിക്കണം. ദൂരപരിധിയും ജനസാന്ദ്രതയും കണക്കിലെടുത്ത് ആവശ്യമായ സ്ഥലങ്ങളിൽ പുതിയ താലൂക്കുകൾ രൂപീകരിക്കണം. മുല്ലപ്പെരിയാറിൽ പുതിയ ഡാമിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 കോടി രൂപ നീക്കി വച്ചത് പ്രശംസനീയമാണ്. ഈ പ്രദേശത്തെ ജനങ്ങളുടെ ആശങ്ക ഒഴിവാക്കുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാനും മാറ്റിപ്പാർപ്പിക്കേണ്ടവർക്കായി ക്യാമ്പുകൾ തുടങ്ങാനും ദുരന്ത നിവാരണ സേനയുടെ പ്രവർത്തനം ആരംഭിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം. ഇടിമിന്നൽമൂലമുണ്ടാകുന്ന അപകടവും പ്രകൃതി ദുരന്തങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തണം. ഭൂകമ്പങ്ങൾ അടിക്കടിയുണ്ടാകുന്ന ജില്ലകളിൽ ആധുനിക രീതിയിലുള്ള ഡിജിറ്റൽ ഭൂകമ്പമാപിനികൾ സ്ഥാപിക്കണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സമസ്ത മേഖലകളിലും പരാജയമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പ്രഖ്യാപനങ്ങളും പരസ്യങ്ങളും മാത്രമായി ഈ ഗവൺമെന്റിന്റെ പ്രവർത്തനം ചുരുങ്ങുകയാണ്. മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിനുവേണ്ടി വെറും 50 കോടി രൂപ മാത്രം നീക്കിവച്ചത് പ്രതിഷേധാർഹമാണ്. പ്രകൃതി ദുരന്തങ്ങളുണ്ടാ

യാൽ യഥാസമയം ഇടപെടാൻ കഴിയാത്ത ഇച്ഛാശക്തി നഷ്ടപ്പെട്ട ഒരു ഗവൺമെന്റാണിത്. ജില്ലാ കളക്ടർമാരുടെ അമിത ജോലിഭാരം കാരണം പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾപ്പോലും യഥാസമയം പ്രവർത്തിക്കാൻ സാധിക്കുന്നില്ല. നെൽപ്പാടങ്ങളും മറ്റും നികത്തുന്നതിന് ഭൂമാഫിയകളെ സഹായിക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. വാള യാർ ചെക്ക്പോസ്റ്റ് വഴി കോഴികളും സ്പിരിറ്റും കടത്തിക്കൊണ്ട് പോകുന്ന തുവഴി കേരളത്തിന്റെ നികുതി വരുമാനത്തിൽ വമ്പിച്ച കുറവുണ്ടാവുകയാ ണ്. കേരളത്തിന്റെ നികുതിവരുമാനത്തിൽ കുറവ് സംഭവിച്ചതിന്റെ ഫല മായി വികസനപ്രവർത്തനങ്ങളൊന്നും നടക്കാത്ത അവസ്ഥയാണ്. വാള യാർ, അമരവിള ചെക്ക്പോസ്റ്റുകളിലെ അഴിമതി അവസാനിപ്പിക്കണം. ആദിവാസി കുടുംബത്തിന് അഞ്ചേക്കർ ഭൂമി വീതം കൊടുക്കുമെന്ന വാഗ്ദാനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഗവൺമെന്റ് ലാന്റ് അക്വി സിഷൻ നടപടികൾക്കായി മാറ്റിവച്ചിരുന്ന 300 കോടി രൂപ ചെലവഴിച്ചിട്ടില്ല. നികുതി പിരിവ്, വികസനം, ക്ഷേമപ്രവർത്തങ്ങൾ ഇക്കാര്യങ്ങളിലൊക്കെ യു.ഡി.എഫ്. ഗവൺമെന്റ് വളരെ പിന്നോക്കം പോയിരിക്കുകയാണ്. കേരള ത്തിലെ എല്ലാ ജില്ലകളിലും വില്ലേജ് ഓഫീസുകൾ അനുവദിക്കാനും ഓരോ വില്ലേജ് ഓഫീസിലും സ്പെഷ്യൽ വില്ലേജ് ഓഫീസർ തസ്തിക സൃഷ്ടി ക്കാനും നടപടി സ്വീകരിക്കണം. റവന്യൂ ഭരണം കാര്യക്ഷമമാക്കണം. കേരളത്തിന്റെ ഭൂസമ്പത്ത് മാഫിയകളുടെ കൈകളിലേക്ക് പോകുന്നത് തടയണം.

ശ്രീ. സണ്ണി ജോസഫ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർക്കാരിന്റെ ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് പിറവത്തേയും നെയ്യാറ്റിൻകരയിലേയും തെരഞ്ഞെടുപ്പു ഫലങ്ങൾ.

മൂലമ്പിള്ളി പ്രശ്നം, ചെങ്ങറ സമരം, മൂന്നാർ പ്രശ്നം തുടങ്ങിയവയ്ക്ക് പരിഹാരം കാണാൻ സാധിച്ചത് അഭിമാനകരമാണ്. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ആനുകൂല്യം നൽകാനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ച് കർഷകരെ സഹായിച്ചത് സ്വാഗതാർഹമാണ്. ആയിരക്കണക്കിന് കൃഷിക്കാർക്ക് പട്ടയം നൽകി. ലാന്റ് റവന്യൂ, കളക്ഷൻ റവന്യൂ, അരിയേഴസ് റിക്കവറി ഈ മേഖലകളിലെല്ലാം ഗണ്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചു. ഈ ഗവൺമെന്റിന്റെ ഡിസാസ്റ്റർ മാനേജ്മെന്റ് ഇന്റർനാഷണൽ കോൺഫറൻസ് ഏറെ ശ്രദ്ധയാകർഷിച്ച ഒരു പ്രോഗ്രാമായിരുന്നു. 14 ജില്ലകളെയും ഇ-ഡിസ്ട്രിക്റ്റുകളായി പ്രഖ്യാപിച്ച് ആവശ്യമായ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തി. 20000-ത്തിലധികം പേർക്ക് പട്ടയവും കൈവശരേഖയും നൽകുന്നതിനുള്ള പദ്ധതിയും സർവ്വേ നടപടികൾ പൂർത്തീകരിക്കണമെന്ന ആവശ്യവും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ ഒരു അദാലത്ത് നടത്തി റവന്യൂ വകുപ്പിൽ ഫയലുകൾ കെട്ടിക്കിടക്കുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാകണം. വില്ലേജുകളുടെ എണ്ണം, ജനസംഖ്യ, ഭൂവിസ്തൃതി എന്നീ ശാസ്ത്രീയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ താലൂക്ക് ഓഫീസുകൾ പുനഃസംഘടിപ്പിക്കണം. റവന്യു വകുപ്പ് ശാസ്ത്രീയമായി പുനസംഘടിപ്പിക്കാൻ തയ്യാറാകണം. ജനങ്ങൾക്ക് സമയബന്ധിതമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ നൽകാനും പാവപ്പെട്ടവർക്ക് വീടുപണിയുന്നതിനായി ന്യായവിലയ്ക്ക് മണൽ ലഭ്യമാക്കാനും സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാനും ലാന്റ് അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്താനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ബി. സത്യൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം എല്ലാ രംഗത്തും വികസന മുരടിപ്പാണ് അനുഭവപ്പെടുന്നത്. സാധാരണക്കാർക്ക് യാതൊരു പ്രയോജന വുമില്ലാത്ത പ്രഖ്യാപനങ്ങൾ മാത്രമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പരി ഷ്കൃത രാജ്യങ്ങളിൽ പോലും പരീക്ഷിച്ച് പരാജയപ്പെട്ട മെട്രോസിറ്റി മോണോറെയിൽ തുടങ്ങിയ വമ്പൻ പദ്ധതികൾക്കാണ് ഈ ഗവൺമെന്റ് പ്രാമുഖ്യം നൽകുന്നത്. പത്രമാധ്യമങ്ങളിൽ മാത്രം ജീവിക്കുന്ന ഒരു ഗവൺമെന്റാണിത്. പെട്രോൾ, ഡീസൽ, പാചകവാതകം തുടങ്ങിയവയുടെ വില വർദ്ധിപ്പിച്ചതുമൂലം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധി ക്കുകയും സാധാരണക്കാരന്റെ ജീവിതം ദുരിതപൂർണ്ണമാകുകയും ചെയ്തി രിക്കുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണം. .മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി തികഞ്ഞ പരാജയമാണ്. റവന്യൂ ജില്ലാ ഭരണകൂടത്തിന് ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയണം. വില്ലേജാഫീസുകളിലും താലൂക്കാഫീസുക ളിലും കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പി ക്കണം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളും തൊഴിലാളികളും താമസി ക്കുന്ന പ്രദേശങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടത്തണം. പാവ പ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും ആവശ്യ മായ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ കൊടുക്കാൻ കഴിയണം. മണൽ മാഫിയയെ നിയന്ത്രിക്കാൻ സത്വര നടപടിയുണ്ടാകണം. മിച്ചഭൂമി അളന്നു തിട്ടപ്പെടുത്തി ഭൂരഹിതർക്ക് വിതരണം ചെയ്യാനും നിയമത്തിന്റെ നൂലാമാലകൾ നീക്കി പട്ടയം കൊടുക്കാനും തയ്യാറാകണം.

<u>ശ്രീ. ആർ. സെൽവരാജ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ചുരുങ്ങിയ കാലത്തെ പ്രവർത്തനംകൊണ്ട് വിവിധ മേഖലയിലുള്ള ജനവിഭാഗങ്ങൾക്ക് ആശ്വാസം പകരുന്ന പല പദ്ധതികളും നടപ്പിലാക്കുന്നതിന് ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. നാടിന്റെ നന്മയ്ക്കുവേണ്ടി ആരംഭിച്ച വികസന പദ്ധതികൾ പലതും അന്യ സംസ്ഥാനങ്ങൾക്കുവരെ മാതൃകയായിരിക്കുകയാണ്. നെയ്യാറ്റിൻകര താലൂക്ക് ഓഫീസ് മന്ദിരം അത്യാധുനിക രീതിയിൽ നിർമ്മിക്കുന്നതിന് തുടക്കം കുറിച്ചുവെന്നത് സ്വാഗതാർഹമാണ്. നെയ്യാറിനെയും നെയ്യാറ്റിൻകരയേയും തമ്മിൽ ബന്ധിപ്പിക്കുന്നതിനായി വിവിധ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭ്യമാക്കാൻ സാധിച്ചുവെന്നത് ശ്രദ്ധേയമാണ്. മോണോ റെയിൽ പദ്ധതി നെയ്യാറ്റിൻകരവരെ ദീർഘിപ്പിച്ചത് സ്വാഗതാർഹമാണ്. കരമന-കളിയിക്കാവിള റോഡിന്റെ വീതി കൂട്ടുന്നതിന് സർവ്വേ ഉൾപ്പെടെയുള്ള എല്ലാ നടപടികളും പൂർത്തിയാക്കാൻ സാധിച്ചു. നെയ്യാറ്റിൻകര മുതൽ തിരുവനന്തപുരം വരെയുള്ള റോഡിന്റെ വീതികൂട്ടാനുള്ള പ്രവർത്തനം ത്വരിതഗതിയിലാക്കണം. നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക്കിനും പി.എച്ച്.സി.ക്കും പുതിയ മന്ദിരം, കെ.എസ്.ഇ.ബി.യുടെ പുതിയ സെക്ഷൻ ഓഫീസുകൾ തുടങ്ങി ഒട്ടനവധി വികസന പ്രവർത്തനങ്ങൾ ചുരുങ്ങിയ കാലംകൊണ്ട് ഈ സർക്കാരിന് നടപ്പിലാക്കാൻ സാധിച്ചുവെന്നത് നേട്ടം തന്നെയാണ്.

<u>ശ്രീ. കെ.വി. വിജയദാസ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജനദ്രോഹ നടപടികളുമായി മുന്നോട്ടുപോകുന്ന ഈ സർക്കാരിനെ അംഗീകരിക്കാനാവില്ല. അന്തർസംസ്ഥാന വ്യാപാര ഇടപാടുകളിലെ നികുതി വെട്ടിപ്പ് തടയുന്നതിന് നടപടി സ്വീകരിക്കണം. ചെക്ക് പോസ്റ്റുകളിൽ

നടക്കുന്ന വെട്ടിപ്പുകളെക്കുറിച്ച് അന്വേഷണം നടത്തണം. സൗന്ദര്യവർദ്ധക വസ്തുക്കളെ ആയുർവ്വേദ വസ്തുക്കളാക്കി നികുതി കുറച്ചതും പ്ലൈവുഡിന്റെ വിലകുറച്ചതും വഴി സംസ്ഥാനത്തിന് കോടിക്കണക്കിനു രൂപയുടെ വരുമാനം നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംഭരിച്ച നെല്ലിന് യഥാസമയം വില നൽകുകയോ അർഹതപ്പെട്ടവർക്ക് മണ്ണെണ്ണ ലഭ്യമാക്കുകയോ ചെയ്യുന്നില്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അർഹതപ്പെട്ടവർക്ക് സഹായം നൽകുന്നില്ല, സമ്പന്ന വിഭാഗങ്ങളുടെ താല്പര്യങ്ങൾ മാത്രമാണ് ഈ സർക്കാർ സംരക്ഷിക്കുന്നത്. നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി ഉയരുകയും ബസ് ചാർജും വെള്ളക്കരവും വൈദ്യുതി ചാർജും വർദ്ധിപ്പിക്കുകയും ചെയ്തു. കഞ്ചിക്കോട് കോച്ച് ഫാക്ടറിയുടെയും പാലക്കാട്ടെ ഇൻഡോർ സ്റ്റേഡിയത്തിന്റെയും അട്ടപ്പാടിയിലെ അഹാഡ്സിന്റെയും പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്ന ജനവിരുദ്ധ നയങ്ങളാണ് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലെ സ്വജനപക്ഷപാതം അവസാനിപ്പിക്കണം.

<u>ശ്രീ. എൻ.എ.നെല്ലിക്കുന്ന്</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ ഒരു വർഷം കൊണ്ട് സംസ്ഥാനത്തിന്റെ വികസന മുന്നേറ്റത്തിന് സഹായകരമായ ഒട്ടേറെ പദ്ധതികൾക്ക് തുടക്കം കുറിക്കാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞു. അധിക ബാധ്യത കൊടുത്തുതീർത്തും പാവപ്പെട്ടവരുടെ ജീവിത നിലവാരം വർദ്ധിപ്പിച്ചും ദാരിദ്ര്യം ഇല്ലാതാക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകിയും എല്ലാവർക്കും സ്വന്തമായി ഭൂമിയും വാസഗൃഹവും ഉറപ്പാക്കി ഭൂരഹിത കേരളം എന്ന സ്വപ്നം സാക്ഷാത്ക്കരിച്ചിരിക്കുകയാണ്. വില്ലേജ് ആഫീസുകളുടെ പ്രവർത്തനം കാര്യക്ഷമവും അഴിമ

തിരഹിതവുമാക്കണം. സ്വകാര്യ ബാങ്കുകൾ ഭൂപണയ വായ്പ നൽകുന്നതിൽ രജിസ്ട്രേഷൻ ഫീസ് ഏർപ്പെടുത്തിയാൽ സർക്കാരിന് കൂടുതൽ വരുമാനമുണ്ടാകുന്നതാണ്. താലൂക്ക്-വില്ലേജ് ആഫീസുകളിൽ നിന്ന് കാലതാമസം കൂടാതെ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. കാസർഗോഡ് ജില്ലയിൽ ഒരു സബ്ഡിവിഷൻ രൂപീകരിച്ചും വില്ലേജ് ആഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്തും ജില്ലാ ഭരണ വ്യവസ്ഥയും ത്രിതല പഞ്ചായത്ത് ഭരണ സംവിധാനവും കാര്യക്ഷമമാക്കണം. ഇടിമിന്നലും വൈദ്യുത ഉപകരണങ്ങളുംമൂലമുണ്ടാകുന്ന അപകട മരണങ്ങൾക്ക് സാമ്പത്തിക സഹായം നൽകണം. കൺസ്യൂമർ പ്രൊട്ടക്ഷൻ നിയമങ്ങൾ സാധാരണക്കാർക്ക് ഉപയോഗപ്രദമായ നിലയിൽ കാലതാമസം കൂടാതെ നടപ്പിലാക്കണം. വയൽ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കണം. മണൽ മാഫിയകളെ നിയന്ത്രിക്കാൻ കഴിയണം. കുറഞ്ഞ നിരക്കിൽ കെട്ടിട നിർമ്മാണ സാമഗ്രികൾ സാധാരണക്കാർക്ക് ലഭ്യമാക്കണം. കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിയ ഇ-മണൽ സംവിധാനം വിജയകരമാണോയെന്ന് പരിശോധിക്കണം. ജാതിയും മതവും നോക്കി വ്യക്തികളേയും സംഘടനകളേയും വിമർശിക്കുന്നത് ന്യായീകരിക്കാൻ കഴിയുകയില്ല.

<u>ശ്രീ. ഇ.കെ. വിജയൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജില്ലാ കേന്ദ്രങ്ങളിലേക്ക് കളക്ടർമാർ വരുന്നില്ലെന്നുള്ള ആക്ഷേപം ഉയർന്നുവരികയാണ്. സംസ്ഥാനം അതീവ ഗുരുതരമായ സാമ്പത്തിക ചുറ്റുപാടിലൂടെ കടന്നുപോകുകയാണെന്ന കാര്യം ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ ഗൗരവമായി ചിന്തിക്കേണ്ടതാണ്. കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ പത്ത് ദിവസമായി തടസ്സപ്പെട്ടിരിക്കുന്ന റേഷൻ വിതരണം

പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. പ്രകൃതിക്ഷോഭംമൂലം നഷ്ടപ്പെടുന്ന റോഡുകളുടെ പുനർനിർമ്മാണത്തിനുള്ള കാലാവധി രണ്ടു വർഷമാക്കി ദീർഘിപ്പിക്കണം. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയരുമെന്നുള്ള പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദുരന്തനിവാരണത്തിന് ആവശ്യമായ തുക അനുവദിച്ച് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. ഭൂമി കുലുക്കവും ഇടിമിന്നലും മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ പരിഹരിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. വീടില്ലാത്തവർക്ക് വീട് നൽകുന്നതിനായി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ഇ. എം.എസ്. ഭവന നിർമ്മാണ പദ്ധതി, എം.എൻ. ലക്ഷംവീട് പുനരുദ്ധാരണ പദ്ധതി എന്നിവ സഹകരണ സംഘങ്ങളുടേയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ നടപ്പിലാക്കണം. തിരുവനന്തപുരത്തുള്ള ഗോൾഫ് ക്ലബ്ബ് കൈമാറാനുള്ള നീക്കം ഉപേക്ഷിക്കണം.

ശ്രീ. പി.സി. വിഷ്ണുനാഥ് : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി ലോകമാകെ അംഗീകരിച്ചിരിക്കുകയാണ്. വികലാംഗരായിട്ടുള്ളവർക്ക് മുച്ചക്ര വാഹനങ്ങളും പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് സൈക്കിളും വിതരണം ചെയ്യാനും ചെങ്ങറ ഭൂമി സമരം ഒത്തുതീർപ്പാക്കാനും 20,000 പട്ടയങ്ങൾ ഒരു വർഷത്തിനിടയിൽ വിതരണം ചെയ്യാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സർവ്വേയർമാരുടെ അഭാവം നികത്തുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിക്കണം. സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനാരംഭിച്ച സ്വയം സംരംഭക മിഷൻ വൻവിജയമാണ്. ക്യാൻസർ ബാധിതർ, വൃക്കരോഗികൾ, ഹൃദ്രോഗികൾ എന്നിവരുടെ ചികിത്സയ്ക്കുവേണ്ടി കാരുണ്യാ ബെനവലന്റ് ഫണ്ട് സ്വരൂപിക്കാനും കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി നടപ്പിലാക്കാനുമെടുത്ത

തീരുമാനം സ്വാഗതാർഹമാണ്. ഡിസാസ്റ്റർ മാനേജ്മെന്റ് നടപ്പിലാക്കുന്നതിന് പുതിയ കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കണം. ജി.എസ്.ടി. നടപ്പിലാക്കുന്നതിനാവശ്യമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയും അനധികൃതമായി പിരിച്ചെടുത്ത നികുതിപ്പണം തിരിച്ചു കൊടുക്കാനുള്ള സംവിധാനമുണ്ടാക്കുകയും വേണം. ചെക്ക് പോസ്റ്റുകളെ അഴിമതി വിമുക്തമാക്കി ആധുനികവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കൊലപാതകക്കേസ്സുകളുടെ അന്വേഷണം ശരിയായ ദിശയിലല്ലെന്ന പ്രതിപക്ഷ ആരോപണം ശരിയല്ല. അനാവശ്യകലാപം സൃഷ്ടിച്ച് യൂണിവേഴ്സിറ്റി കോളേജ് അതിന്റെ പ്രഭവകേന്ദ്രമാക്കാൻ ശ്രമിക്കുന്ന നടപടി തടയണം.

<u>ഡോ. ടി. എം. തോമസ് ഐസക്:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. 2000 കോടിയിൽപ്പരം രൂപ ട്രഷറിയിൽ മിച്ചം വച്ചിട്ടാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ഭരണം ഒഴിഞ്ഞത്. അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം കഴിഞ്ഞ വർഷം 10598 കോടി രൂപയുടെ പ്ലാൻ അംഗീകരിച്ചതിൽ സംസ്ഥാനം ചെലവാക്കിയത് 8803 കോടി രൂപ മാത്രമാണ്. മണ്ഡലങ്ങളുടെ വികസനപ്രവർത്തനത്തിന് 15 കോടി രൂപ വീതം വയ്ക്കേണ്ടതായിരുന്നു. സർക്കാർ എടുക്കുന്ന വായ്പ, പബ്ലിക് അക്കൗണ്ട് തുടങ്ങിയവയിലൂടെയാണ് സർക്കാരിന് വരുമാനം ലഭിക്കുന്നത്. നാടിന്റെ വികസനത്തിന് വിരുദ്ധമായ ഒരു ധനനയമാണ് സർക്കാർ പിന്തുടരുന്നത്. കമേഴ്സ്യൽ ടാക്സസ് ഡിപ്പാർട്ടുമെന്റും മറ്റ് അനുബന്ധ വിഭാഗങ്ങളും കാര്യക്ഷമമായി പ്രവർത്തിച്ചാൽ നികുതിവരുമാനം വർദ്ധിപ്പിക്കാം. അഡീഷണൽ റിസോഴ്സ് മൊബിലൈസേഷൻ മാറ്റിനിർത്തിയാൽ ഈ വർഷം കമേഴ്സ്യൽ ടാക്സ് ഇനത്തിൽ അധികമായി സമാഹരിക്കാൻ പോകുന്നത് വെറും 12% മാത്രമാണ്. അഡീഷണൽ റിസോഴ്സ് മൊബിലൈസേഷൻ

വഴി ജനങ്ങളുടെമേൽ ആയിരം കോടി രൂപയുടെ അധിക നികുതിഭാരം അടിച്ചേൽപ്പിച്ചിട്ടാണ് നികുതിവരുമാനവർദ്ധനവ് നേടാൻ ധനകാര്യവകുപ്പ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിന് സ്വതന്ത്രമായ കൊമേഴ്സ്യൽ ബോറോയിംഗിന് സാധ്യതയുള്ളപ്പോൾ ലോകബാങ്കിൽ നിന്ന് വായ്പയെടുക്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. പബ്ളിക് അക്കൗണ്ടിലൂടെയുള്ള വിഭവ സമാഹരണം ന്യായമായ സമാഹരണ ഉപാധിയാണെന്നുള്ളത് സർക്കാർ അംഗീകരിക്കണം. കേരളത്തിന്റെ മുഴുവൻ കടത്തിന്റെ തോതെടുത്താലും ഫിസ്ക്കൽ സ്റ്റെബിലൈസേഷനിലേക്കാണ് പോകുന്നത്. മീഡിയം ടേം ഫിസ്ക്കൽ പോളിസി സ്റ്റേറ്റ്മെന്റ് പ്രകാരം മൂന്ന് വർഷത്തിനുള്ളിൽ കേരളം ഫിസ്ക്കൽ ടാർജറ്റ് അച്ചീവ് ചെയ്യും. കേന്ദ്ര സർക്കാർ അനുവദിച്ച ഫിസ്ക്കൽ ഡെഫിസിറ്റ് പരിധിപോലും ഉപയോഗപ്പെടുത്താൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല. ജീവനക്കാരുടെ ശമ്പളം ട്രഷറി എ.ടി.എം. വഴി നൽകുന്ന പദ്ധതി ചർച്ചപോലുമില്ലാതെ എക്സിക്യൂട്ടീവ് ഓർഡർ വഴി ബാങ്കുകൾക്ക് കൈമാറിയത് ശരിയായ നടപടിയല്ല. കെ.എസ്.എഫ്.ഇ. ക്യാഷ് ബാലൻസ് ന്യൂജനറേഷൻ ബാങ്കുകൾക്കുകൂടി ഉപയോഗപ്പെടുത്താമെന്നുള്ള തീരുമാനം പ്രതിഷേധാർഹമാണ്. ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനവും ട്രഷറികളുടെ ആധുനികവൽക്കരണവും ശരിയായ ദിശയിൽ കൊണ്ടുപോകണം. സാഫല്യം ഭവന പദ്ധതിക്കുള്ള സാമ്പത്തിക സ്രോതസ്സിനെക്കുറിച്ച് വ്യക്തത വേണം. കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്ന ഇസ്ലാമിക് ബാങ്കിനെ ഒരു വെൻചർ ക്യാപ്പിറ്റൽ ഫണ്ടായിട്ടെങ്കിലും പ്രവർത്തിപ്പിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കണം. ട്രഷറിയിൽ പലിശരഹിത വിൻഡോ തുറക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമായിട്ടില്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സംസ്ഥാനത്തിന്റെ പലിശ ബാധ്യത വർദ്ധിപ്പിക്കാൻ ഉദ്ദേശമില്ലാത്തതുകൊണ്ട് കൂടുതൽ വായ്പ എടുക്കുന്നതിൽ നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. 2011-12-ൽ നികുതി വരുമാനത്തിൽ 19.53 ശതമാനം വളർച്ചയുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്ര ഗവൺമെന്റ് പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിപ്പിച്ചതിലൂടെ 668 കോടി രൂപയുടെ അധിക വരുമാനം സംസ്ഥാനത്തിന് കിട്ടിയപ്പോൾ ഗ്രോത്ത് റേറ്റ് 20 ശതമാനമായിരുന്നു. എന്നാൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവിൽ നിന്നുള്ള അധിക വരുമാനമായ 728 കോടി രൂപ വേണ്ടെന്ന് വച്ചിട്ടും ഗ്രോത്ത് റേറ്റ് 19.5 ശതമാനത്തിലെത്തിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. 2012-13-വർഷത്തിൽ വിൽപ്പന നികുതി വരുമാനത്തിൽ 22 ശതമാനം ഗ്രോത്ത് റേറ്റാണ് ടാർജറ്റ് ചെയ്തിരുന്നതെങ്കിൽ 2012 ഏപ്രിലിൽത്തന്നെ അത് 27 ശതമാനത്തിലെത്തിയത് വലിയ നേട്ടമാണ്. പെട്രോളിന്റെ വില വർദ്ധിച്ചതുകാരണം ഉപഭോഗം കുറഞ്ഞത് സംസ്ഥാനത്തിന്റെ വരുമാനത്തെ ബാധിക്കുന്നുണ്ട്. ചെക്ക്പോസ്റ്റിൽ നിന്നുള്ള വരുമാനം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തേതിൽ നിന്നും മൂന്നിരട്ടിയായി വർദ്ധിപ്പിക്കാനും സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങിയ ഇനത്തിൽ ഏതാണ്ട് ഇരട്ടിയോളം വർദ്ധനവ് ഉണ്ടാക്കാനും സാധിച്ചിട്ടുണ്ട്. എല്ലാ ചെക്ക്പോസ്റ്റുകളിലും ക്ലോസ്ഡ് സർക്യൂട്ട് ടി.വി. സ്ഥാപിക്കുന്നതിനായി കെൽട്രോണുമായി കരാറിലേർപ്പെട്ടുകഴിഞ്ഞു. ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റിനുള്ള ഡിസൈൻ തയ്യാറാക്കാനായി ബി.എസ്.എൻ.എൽ.നെ ഏൽപ്പിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റ് മോഡേർണൈസേഷൻ പ്രാവർത്തിക

മാകാൻ പോവുകയാണ്. ചെക്ക്പോസ്റ്റ് വഴി കോഴികളെ കൊണ്ടുവരുന്നതിൽ നിന്നും ലഭിക്കുന്ന വരുമാനത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. കോഴിക്ക് അയൽ സംസ്ഥാനങ്ങളിൽ ടാകസ് വളരെ കുറവായതിനാൽ നികുതിവെട്ടിപ്പിന് സാദ്ധ്യതയുണ്ടെന്നുള്ളത് ഇത് കണക്കിലെടുത്ത് ഇത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഫിനാൻസ് സെക്രട്ടറി, ടാക്സസ് സെക്രട്ടറി, കമ്മീഷണർ എന്നിവരുൾപ്പെട്ട ഒരു കമ്മറ്റിയെ നിയോഗിച്ചിട്ടുണ്ട്. കാരുണ്യ പദ്ധതിയുടെ സ്റ്റേറ്റ് ലവൽ കമ്മിറ്റി എടുത്ത തീരുമാനമനുസരിച്ച് എമർജൻസി ട്രീറ്റ്മെന്റിന് ഡോക്ടറുടെ സർട്ടിഫിക്കറ്റുണ്ടെങ്കിൽ ജില്ലാ കളകടർക്ക് ഉത്തരവ് കൊടുക്കാവുന്നതാണ്. എല്ലാ ഗവൺമെന്റ് ആശുപത്രികളിലും അടിയന്തര ചികിത്സ ലഭ്യമാക്കാനായി പത്ത് ലക്ഷം രൂപാവീതം impressed money ആയി അനുവദിച്ചിട്ടുണ്ട്. ഓരോ ചികിൽസയ്ക്കും ഒരു പാക്കേജ് ഉണ്ടാക്കിക്കൊണ്ട് ആ പാക്കേജ് അനുസരിച്ച് സർജറി ചെയ്യാമെന്ന് സമ്മതിക്കുന്ന സ്വകാര്യ ആശുപത്രികളേയും അക്രഡിറ്റേഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതാണ്. സ്വയം സംരംഭക മിഷന്റെ ഫസ്റ്റ് ബാച്ചായ 571-പേരുടെ ട്രെയിനിംഗ് പൂർത്തിയാക്കി 231 യൂണിറ്റുകൾ സജ്ജമായിരിക്കുകയാണ്. ബാങ്കുകാരും സ്വയംസംരംഭക മിഷനെ സഹായിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ബേസ് റേറ്റായ 11%-ത്തിന് താഴെ പലിശയ്ക്ക് വായ്പ തരണമെന്ന അഭ്യർത്ഥന ബാങ്കുകാർ പരിഗണിക്കു മെന്നാണ് പ്രതീക്ഷിക്കുന്നത്. ക്ഷേമപെൻഷനുകളുടെ കുടിശ്ശിക നൽകാൻ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ബഡ്ജറ്റ് പ്രൊവിഷനു പുറമേ 17 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. ക്ഷേമപെൻഷനുകളിലെ കുടിശ്ശിക ഓണത്തിന് മുമ്പ് കൊടുത്തുതീർക്കുന്നതാണ്.

സാഫല്യം പദ്ധതിയുടെ സ്കീം വിപുലമാക്കുന്നതിന്റെ ഭാഗമായി മുറികളുടെ വലിപ്പം 280 സ്ക്വയർ ഫീറ്റായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. 1008 വീടുകളുടെ നിർമ്മാണത്തിനാണ് ടെൻഡർ കൊടുത്തിരിക്കുന്നത്. എട്ട് ജില്ലകളിൽ പത്ത് പഞ്ചായത്തുകളിലായാണ് വീടുകൾക്ക് എ.എസ്. കൊടുത്തത്. ഹൗസിംഗ് ബോർഡിന് തിരുവനന്തപുരത്ത് ഭൂമി ഇല്ലാത്തതുകൊണ്ട് പ്രസ്തുത പദ്ധതി തുടങ്ങാൻ കഴിയില്ല. തിരുവനന്തപുരത്ത് പഞ്ചായത്തുകളോ കോർപ്പറേഷനോ സ്ഥലം നൽകാൻ തയ്യാറായാൽ ആ സ്ഥലത്ത് സാഫല്യം ഹൗസിംഗ് സ്കീം തുടങ്ങാൻ ബുദ്ധിമുട്ടില്ല. സാഫല്യം പദ്ധതിയുടെ റിവൈസ്ഡ് സ്കീം അനുസരിച്ച് മൂന്നര ലക്ഷം രൂപയായും സബ്സിഡി രണ്ട് ലക്ഷം രൂപയായും വർദ്ധിപ്പിക്കുകയാണ്. 'എല്ലാവർക്കും ഭൂമി എല്ലാവർക്കും വീട്' ഇതാണ് ഈ ഗവൺമെന്റിന്റെ പാർപ്പിടനയം. ഹൗസിംഗ് ബോർഡ് സ്ഥലമെടുത്ത് വീട് നിർമ്മിച്ചുകൊടുക്കുന്ന സായൂജ്യം പദ്ധതിയും ഹരിത ഭവന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. പനമ്പിള്ളി നഗറിൽ 18 ഫ്ളാറ്റും തിരുവനന്തപുരത്ത് അമ്പലനഗറിൽ 42 ഫ്ളാറ്റും പണിതുകഴിഞ്ഞു. കട്ടപ്പന, കോഴിക്കോട്, മുക്കം, തൃശ്ശൂർ ജില്ലകളിൽ വർക്കിംഗ് വിമെൺസ് ഹോസ്റ്റലുകൾ പണിയുന്നതാണ്. കാസർഗോഡും ദേവികുളത്തും റന്റൽ ഹൗസിംഗ് ക്വാർട്ടേഴ്സുകൾ നിർമ്മിക്കുകയുണ്ടായി. വീടില്ലാത്ത സർക്കാർ ജീവനക്കാർക്ക് നോമിനൽ റെന്റിന് ഫ്ളാറ്റ് നിർമ്മിക്കാനും ഉദ്ദേശിക്കുന്നുണ്ട്. തിരുവനന്തപുരത്തും തൃശ്ശൂരും 24 ഫ്ളാറ്റുകൾ വീതം പൂർത്തിയായി. രണ്ടെണ്ണത്തിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. ഗുണഭോക്താക്കളിൽനിന്ന് മുൻകൂർ തുകവാങ്ങി പണിയുന്ന സ്കീമനുസരിച്ച് കവടിയാറിൽ 36 ഫ്ളാറ്റ് പണിയുന്നുണ്ട്. എം.എൻ ലക്ഷംവീട് പദ്ധതി

പ്രകാരം 18,489 വീടുകൾ നന്നാക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. 12405 വീടുകൾക്ക് 52 കോടിരൂപ സബ്സിഡി നൽകാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. 2011-2012-ൽ ആകെ 1460 വീടുകൾക്ക് സബ്സിഡി കൊടുത്തിട്ടുണ്ട്. മൈത്രി ഭവനപദ്ധതി പ്രകാരം 38,384 പേരുടെ കുടിശ്ശികത്തുകയും പാവപ്പെട്ടവർ എടുത്ത ലോണിന്റെ കുടിശ്ശികയായ 137 കോടി രൂപയും എഴുതിത്തള്ളാൻ സർക്കാർ നടപടി സ്വീകരിച്ചു. വായ്പ അടയ്ക്കാനുള്ളവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 30-9-2012 വരെ സമയം നീട്ടിക്കൊടുക്കാനും തീരുമാനിച്ചിട്ടുണ്ട്. ഭൂരഹിതരായ മുഴുവൻ ആളുകൾക്കും വീടും ഭൂമിയും കൊടുക്കാനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യുവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്):</u> റവന്യു വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകിയ എല്ലാ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. 2010-2011 സാമ്പത്തിക വർഷത്തിൽ ലാന്റ് റവന്യു ഇനത്തിൽ 138.81 കോടി രൂപയും റവന്യു റിക്കവറി ഇനത്തിൽ 314. 91 കോടി രൂപയും പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. നടപടിക്രമങ്ങളും ചട്ടങ്ങളും പാലിക്കുന്നതിലുണ്ടാകുന്ന കാലതാമസംമൂലമാണ് ഈ വകുപ്പിനെക്കുറിച്ച് കൂടുതൽ പരാതികളുണ്ടാകാനിടവന്നത്.. ഇക്കാര്യങ്ങളിൽ ഒരു പുനരവലോകനം നടത്താനും കാലതാമസമൊഴിവാക്കാനും ശ്രമിക്കുന്നതാണ്. കമ്പ്യൂട്ടറൈസേഷനുൾപ്പെടെയുള്ള സംവിധാനങ്ങൾ ഒരുക്കിക്കൊടുക്കാൻ കഴിഞ്ഞാൽ

ജീവനക്കാർക്ക് അവരുടെ ജോലികൾ സമയബന്ധിതമായി ചെയ്തുതീർക്കാനും വില്ലേജ് ഓഫീസുകൾ മുതൽ താലൂക്ക് ഓഫീസുകൾവരെ ബന്ധിപ്പിക്കുന്ന സംവിധാനം ഏർപ്പെടുത്താനും കഴിയും. പി.ഡബ്ള്യൂ.ഡി. റോഡിന്റെ വികസനപ്രവർത്തനങ്ങൾക്ക് ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കും. ഒരു ദുരന്തനിവാരണ സേന രൂപീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇടിമിന്നലേറ്റ് മരണമടയുന്നവർക്ക് സാമ്പത്തികസഹായം നൽകുന്ന കാര്യത്തിൽ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം നെൽപ്പാടങ്ങൾ നികത്തിയതുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ എടുത്തിട്ടുണ്ട്. ഗവൺമെന്റ് ഈ കാര്യത്തിൽ അതിശക്തമായ നിലപാടാണ് സ്വീകരിക്കുന്നത്. വില്ലേജ് ഓഫീസുകളിലൂടെ സർട്ടിഫിക്കറ്റ് വിതരണം, കരംപിരിവ് എന്നിവ കുറ്റമറ്റ രീതിയിൽ നടത്തുന്നതിനുള്ള യുണീക് തണ്ടപ്പേര് കാർഡ് ഭൂവുടമകൾക്ക് ഫീസ് നൽകിയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂവുടമകൾക്ക് സൗജന്യമായും നൽകും. സംസ്ഥാനത്ത് 14 വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കി മാറ്റുന്നതാണ്. സമഗ്രമായ ഫെയർവാല്യു സിസ്റ്റം നടപ്പിലാക്കുകയും ഭൂമി കൈയേറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. ഭൂരേഖ സഹിതം രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾ വില്ലേജ് ഓഫീസുകളിൽ 2 ദിവസത്തിനകം പോക്കുവരവ് ചെയ്ത് കൊടുക്കുന്ന സംവിധാനം നടപ്പിലാക്കും. റീസർവ്വേ സംബന്ധിച്ച പരാതികൾ സർവ്വേ അദാലത്തുകൾ വഴി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൈവശഭൂമിക്ക് പട്ടയം നൽകുന്നതോടൊപ്പം പട്ടയഭൂമി കൈമാറ്റം ചെയ്യാൻ പാടില്ലെന്ന വിലക്ക് നീക്കം ചെയ്യുന്നതിന് നിയമഭേദഗതി കൊണ്ടു

വരാൻ ഉദ്ദേശിക്കുന്നു. കർഷകന്റെ ഭൂമിയിൽനിന്നും നാലിനം മരങ്ങൾ ഒഴിച്ച് ബാക്കിയുള്ളവ മുറിക്കുന്നതിന് അനുമതി നൽകുന്നതാണ്. സർക്കാരിന്റെ ഒന്നാംവാർഷികവുമായി ബന്ധപ്പെട്ട് 20,000–ത്തോളം പട്ടയം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പേഴ്സണാലിറ്റി ഡെവലപ്മെന്റ്, ഗുഡ്ഗവേണൻസ്, സ്ട്രെസ് മാനേജ്മെന്റ് അഡ്മിനിസ്ട്രേറ്റീവ് എഥിക്സ് എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജുമെന്റ് വഴി സംസ്ഥാനത്തിലെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ജീവനക്കാർക്കും പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിക്കും. പേരൂർക്കടയിലെ സർവ്വേ ട്രെയിനിംഗ് സ്കൂൾ മോഡേൺ സർവ്വേ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തി സർട്ടിഫിക്കറ്റ് കോഴ്സും ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ നടത്തുന്നതിനാവാശ്യമായ പരിശീലനവും നൽകും. സർവ്വേ സംബന്ധമായ പരാതി പരിഹരിക്കുന്നതിന് അതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും സ്കാൻ ചെയ്ത് സർവ്വേയർമാർക്കും ഹെഡ് സർവ്വേയർമാർക്കും നൽകുകയും പരാതിയുടെ തൽസ്ഥിതി അറിയാനും പരിശോധനാപുരോഗതി അവലോകനം ചെയ്യാനുമുള്ള അവസരം ലഭ്യമാക്കുകയും ചെയ്യും. എല്ലാ സർവ്വേ ഓഫീസുകളിലും കമ്പ്യൂട്ടറുകളും ഫീൽഡ് ഓഫീസേഴ്സിന് ലാപ്ടോപ്പും നൽകുന്നതായിരിക്കും. സർവ്വേ ഓഫീസുകളെ ഇന്റർനെറ്റ് മുഖേന ഡയറക്ടറേറ്റുമായി ബന്ധിപ്പിക്കും. സെൻട്രൽ സർവ്വേ ഓഫീസിൽ സർവ്വേയും ഭൂരേഖയും ഉൾപ്പെടെ എല്ലാ രേഖകളും സൂക്ഷിക്കുകയും അവ സ്കാൻ ചെയ്ത് ഓൺലൈൻവഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

കാർഷികാദായനികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥന 42-നെതിരെ 72 വോട്ടുകളോടെയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയും 42-നെതിരെ 71 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.52-ന് പിരിഞ്ഞു.

* * * * * * * * * * *